പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1956. 14.07.2011-ൽ മറുപടിക്ക്.

റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | | ശ്രീ. വി.എസ്. ശിവകുമാർ (ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു: (എ). റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക. (ബി) റോഡ് സുരക്ഷാ നിലവാരവും നടപടി ക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. (സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക. (ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക. (എഫ്) ഫണ്ടിന്റെ നടത്തിപ്പ്. (ജി)റോഡ് സുരക്ഷാ പദ്ധതികളും, പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക. (എച്ച്) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി ചെലവ് അനുവദിക്കുക. (ഐ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക. (ജെ) ട്രോമ - കെയർ പരിപാടികൾക്കോ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.<br>(കെ) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക.<br>(എൽ) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക.<br>(എം) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക.<br>(എൻ) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക. |
| (ബി) | സംസ്ഥാനത്തെ റോഡുകളെ അപകടവിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ റോഡുകളെ അപകട വിമുക്തമാക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>**1) അപകട സാദ്ധ്യതമേഖല (Accident Prone Area) യും അതീവ അപകട സാദ്ധ്യത മേഖലയും. (Black Spots)**<br>റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യത മേഖലകളും (Accidents Prone Area) 217 അതീവ അപകട സാദ്ധ്യത മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകടകാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 50 അതീവ അപകട സാധ്യത മേഖലകളിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നാലര കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ പട്ടം ജംഗ്ഷനിൽ Red Light violation detection system സ്ഥാപിക്കുവാൻ 55.62 ലക്ഷം രൂപയും കാര്യവട്ടം ജംഗ്ഷനിൽ over speed detection system സ്ഥാപിക്കുവാൻ 16.26 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും പി.എം.ജി. വഴുതക്കാട് ജംഗ്ഷനുകളിലെ കേടായ സിഗ്നൽ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുവാൻ 12,82,477/- രൂപ 1,16,76,155/- രൂപ എന്നിങ്ങനെയും കെൽട്രോണിന് ഫണ്ട് അനുവദിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ച് വരുന്നു.<br>**2) മാതൃകാ റോഡ് പദ്ധതി**<br>സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻ - ബോർഡുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത ഉദ്യമം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തുവരുന്നത്. തിരുവനന്തപുരം. എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ തിരഞ്ഞെടുത്ത റോഡുകളെ മാതൃകാ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കെ.ആർ.എസ്.എ. തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചു വരുന്നു. കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പ് , അവരുടെ നിയന്ത്രണത്തിൽ ചേർത്തല- മണ്ണുത്തി റോഡിനെ മാതൃക റോഡായി പ്രഖ്യാപിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിൽ റഡാർ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കികൊണ്ട് അപകടരഹിത റോഡ് സംവിധാനത്തിനായുള്ള നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു.<br>**3) റോഡ് സുരക്ഷാ ബോധവൽക്കരണം**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുകയും എഫ്.എം. റേഡിയോ |

മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യു.

ദൃശ്യ - ശ്രാവ്യ അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെ പറ്റി പൊതു ജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപ പ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നല്കുന്നതിനായി 12 ലക്ഷം രൂപ കെ.ആർ.എസ്.എ. അനുവദിച്ചിട്ടുണ്ട്.

റോഡ് സുരക്ഷാ വാരം 2011-നോട് അനുബന്ധിച്ച് കേരളത്തിലെ എല്ലാ ഇലക്ട്രോണിക്സ് - അച്ചടി മാധ്യമങ്ങൾ വഴി റോഡ് സുരക്ഷ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ അതോറിറ്റി നടപടി സ്വീകരിച്ചു.

റോഡ് സുരക്ഷ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനും അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

**4) റോഡ് സുരക്ഷാ ക്ലബ്ബ്**

റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ/ കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ/ കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**5) റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും**

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ

റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് തയ്യാറാക്കുവാൻ നാറ്റ്പാക്കിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

6) ട്രോമാകെയർ

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായും, കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാൻ ആരോഗ്യവകുപ്പിന് മതിയായ ഫണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.

7) പരസ്യ ബോർഡുകൾ

അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.

8) അപകടാനന്തര അന്വേഷണം

അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകടകാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി.യും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കെ.ആർ.എസ്.എ നിയോഗിച്ചിട്ടുണ്ട്.

9)ദശവത്സര റോഡ് സുരക്ഷാ പദ്ധതി

റോഡ് സുരക്ഷയ്ക്കായുള്ള 2011-2020 ദശകത്തിലേക്കുള്ള പൊതുവായ റോഡ് സുരക്ഷാ പരിപാടികൾ നടത്തിക്കുന്നതിനായി വിവിധ വകുപ്പുകൾ റോഡ് സുരക്ഷാ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. 2020-ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി , താഴെ പറയുന്ന പ്രകാരം

വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുവാൻ റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

**(എ) പൊതുമരാമത്ത് വകുപ്പ്**

216 ബ്ലാക്ക്സ്പോട്ട് - അപകടനിവാരണത്തിന് 20.5 കോടിയും, സ്കൂൾ സോൺ അപകട നിവാരണത്തിനു 10 കോടിയും, ബസ് ബേയും, ബസ് ഷെൽറ്റർ നിർമ്മിക്കുവാൻ 19 കോടിയും ചേർന്ന് 49.50 കോടി രൂപ പൊതുമരാമത്ത് വകുപ്പിന്അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 19 കോടി രൂപ ഈ വർഷം തന്നെ അടിയന്തിരമായി അനുവദിക്കുവാനും തീരുമാനമായിട്ടുണ്ട്.

**(ബി) പോലീസ് ഡിപ്പാർട്ടുമെന്റ്**

110 ഇന്റർസെപ്റ്റർ വാങ്ങുന്നതിനും 35 കോടി രൂപ അനുവദിക്കുവാൻ കെ.ആർ.എസ്.എ. തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 4 കോടി രൂപ ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുവാനും തീരുമാനിച്ചു. ആൽകോമീറ്റർ വാങ്ങുന്നതിനും 2 കോടി രൂപ അനുവദിക്കുവാനും, പോലീസുകാർക്ക് ട്രോമോകെയർ പരിശീലനത്തിനും 2.25 ലക്ഷം രൂപ അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**(സി) മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്**

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ റോഡ് സുരക്ഷ ബോധവൽക്കരണത്തിനും വിവിധ റോഡ് സുരക്ഷ പ്രവർത്തനത്തിനും 156499152/- (പതിനഞ്ച് കോടി അറുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഒരുനൂറ്റി അൻപത്തിരണ്ടു രൂപ മാത്രം) അനുവദിച്ചു.

കെൽട്രോണുമായി സഹകരിച്ച് ചേർത്തല - മണ്ണൂത്തി റോഡിൽ റഡാർ സർവൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കുന്നതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ 2,24,67,763/- (രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുനൂറ്റി അറുപത്തി മൂന്നു രൂപ മാത്രം) അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **(ഡി) നാറ്റ്പാക്** <br>റോഡ് സുരക്ഷ പഠനത്തിനും, ബോധവൽക്കരണ പരിപാടികളുടെ ഉൾപ്പെടെയും വിവിധ റോഡ് സുരക്ഷ പ്രവർത്തനങ്ങൾക്ക് നാറ്റപാകിന് 59,00,00/- (അൻപത്തി ഒൻപത് ലക്ഷം രൂപ) രൂപ അനുവദിച്ചു. <br>**(എഫ്) കെൽട്രോൺ** <br>തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും, കൊച്ചി നഗരത്തിലെ 14 ജംഗ്ഷനുകളിലും, കോഴിക്കോട് നഗരത്തലെ 27 ജംഗ്ഷനുകളിലും, സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ അനുവദിക്കുവാനും തിരുമാനിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാമാണ് പ്രസ്തുത കൗൺസിലുകളിൽ അംഗങ്ങളായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. 2007- ലെ കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട്-ലെ 19-ാം വകുപ്പ് പ്രകാരം നിക്ഷിപ്തപ്പെട്ട അധികാര പ്രകാരം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ഓരോ ജില്ല റോഡ് സുരക്ഷാ കൗൺസിൽ രൂപപ്പെടുത്തിയിരിക്കുന്നത്. <br>(എ) : ജില്ലാ കളക്ടർ - എക്സ് ഒഫിഷ്യോ ചെയർമാൻ. <br>(ബി) ജില്ലാ പോലീസ് സുപ്രണ്ട് - എക്സ് ഒഫിഷ്യോ മെമ്പർ. <br>(സി) : എക്സിക്യൂട്ടീവ് എഞ്ചിനീയർ - എക്സ് ഒഫിഷ്യോ (റോഡുകളും, പാലങ്ങളും) - മെമ്പർ. <br>(ഡി) : എക്സിക്യൂട്ടീവ് എഞ്ചിനീയർ - എക്സ് ഒഫിഷ്യോ (ദേശീയ പാതകൾ) മെമ്പർ. <br>(ഇ) : ജില്ലാ ആസ്ഥാനത്തിൽ അധികാരപരിധിയിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ. - എക്സ് ഒഫിഷ്യോ (മെമ്പർ സെക്രട്ടറി) <br>(എഫ്) : ഇവരെ കൂടാതെ ഓരോ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിലും റോഡ് സുരക്ഷാ വിഷയങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ച ഒരു നോൺ ഒഫിഷ്യൽ മെമ്പറിനെ കൂടി അംഗമായി ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനമിറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കൗൺസിലുകളുടെ നേതൃത്വത്തിൽ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ നേതൃത്വത്തിലാണ് 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നത്. കൂടുതൽ ക്ലബ്ബുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ